**കേരള കാർഷിക സർവകലാശാല**
**എഞ്ചിനീയറിംഗ് ഡിവിഷൻ, കെ.സി.എ.ഇ.എ.ഫ്.ടി ക്യാമ്പസ്, തവനൂർ-679 573**
**Ph: 0494-2968258 e-mail–edtavanur@kau.in**

നം.ഇ/13/2025 തിയ്യതി: 23.01.2025

**ക്വട്ടേഷൻ നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയിലെ എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂരിലേക്ക് ഒരു വർഷത്തേക്ക് വിവിധ ഔദ്യോഗിക യാത്രകൾക്കായി പ്രതിമാസ വാടക നിരക്കിൽ 5 സീറ്റ് / 7 സീറ്റ് (SUV/MPV/Sedan) എ സി വാഹനം ഡ്രൈവർ ഉൾപ്പെടെ ഓടാൻ താല്പര്യമുള്ള കാറുടമകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയ്യതി 04/02/2025 3.00 pm.

**നിബന്ധനകൾ:**

1. വാഹനം കേരള ടാക്സി രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് എന്നിവ നിർബന്ധമായി ഉള്ളതായിരിക്കണം.
2. 12 വർഷത്തിൽ അധികം പഴക്കമില്ലാത്ത വാഹനം ആയിരിക്കണം.
3. ക്വൊട്ടേഷനിൽ ഒരു മാസം മിനിമം ഓട്ടത്തിനുള്ള ദൂരവും മാസവാടകയും രേഖപ്പെടുത്തിയിരിക്കണം. മിനിമം ദൂരത്തിൽ കൂടുതൽ ഓടുന്ന ഓരോ കിലോമീറ്ററിനുമുള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തണം
4. വാഹനങ്ങളുടെ ഇന്ധനചെലവ്, അറ്റകുറ്റപണികൾക്കുള്ള ചെലവ്, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ്, പെർമിറ്റ്, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ എന്നിവ ഉൾപ്പെടെ കണക്കാക്കിയുള്ള നിരക്കാണ് ക്വൊട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
5. വാഹനം എല്ലാ പ്രവർത്തി ദിവസവും രാവിലെ 10:00 am മുതൽ വൈകീട്ട് 5.00 pm വരെയും ഓഫീസിൽ ഉണ്ടായിരിക്കണം. കൂടാതെ ദീർഘദൂര യാത്രകൾ ഉണ്ടാകുന്ന പക്ഷം മേൽ പറഞ്ഞ സമയം ബാധകമായിരിക്കില്ല. ഏതെങ്കിലും കാരണവശാൽ വാഹനം/ഡ്രൈവർ നല്കാൻ കഴിയാതെ വന്നാൽ ബദൽ സംവിധാനം ഏർപ്പാടാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനായിരിക്കും.
6. വാഹനത്തിന്റെ ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.
7. വാഹനത്തിന്റെ ഡ്രൈവറുടെ ലൈസൻസിന്റെ പകർപ്പ്, വാഹനത്തിന്റെ ആർ സി. ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
8. യാത്രക്കിടെ അംഗീകൃത ടോൾ അടക്കേണ്ടി വരുന്ന പക്ഷം കരാറുകാരൻ ടോൾ അടവാക്കി ബന്ധപ്പെട്ട രസീത് പ്രതിമാസ ഇൻവോയ്സ് /വൗച്ചറിനൊപ്പം കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തുക ക്വൊട്ടേഷൻ നിരക്കിനു പുറമെ അനുവദിക്കുന്നതാണ്.
9. ഓരോ യാത്രയിലും സഞ്ചരിക്കുന്ന ദൂരം ലോഗ്ബുക്കിൽ എഴുതി അതതു ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. ഓരോ മാസത്തെയും അവസാന ദിവസം വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.
10. കരാറുകാരനോ, ഡ്രൈവർക്കോ സർവകലാശാലയിൽ നിന്നും ടി എ , ഡി എ , മറ്റു ബത്തകൾ എന്നിവ ഉൾപ്പടെ യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
11. സ്വീകരിക്കുന്ന ക്വൊട്ടേഷനിലെ നിരക്കിനു പുറമെ യാത്രക്കിടെ വാഹനത്തിനോ, ഡ്രൈവർക്കോ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്കുൾപ്പെടെ യാതൊരു തരത്തിലുള്ള ചെലവുകളും സർവകലാശാല വഹിക്കുന്നതല്ല.

(മറുപുറം)

12. മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം ഡ്രൈവറെ നീക്കം ചെയ്യുന്നതിനോ, കരാർ ഏതു സമയത്തും റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം കേന്ദ്രമേധാവിയിൽ നിക്ഷിപ്തമാണ്.
13. ക്വൊട്ടേഷൻ ലഭിക്കുന്നയാൾ നിശ്ചിത മാതൃകയിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ് .

**ക്വട്ടേഷനുകൾ സംബന്ധിച്ച മറ്റ് വിവരങ്ങൾ**

- സീൽ ചെയ്ത കവറിലുള്ള ക്വട്ടേഷനുകൾ എഞ്ചിനീയറിംഗ് ഡിവിഷൻ ഓഫിസിൽ 04/02/2025 ന് 3.00pm വരെ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം 3.30 pm ന് ക്വൊട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.
- ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തി/സ്ഥാപനത്തിന്റെ ക്വൊട്ടേഷൻ ആയിരിക്കും സ്വീകരിക്കുക.
- ക്വൊട്ടേഷന്റെ കാലാവധി ക്വൊട്ടേഷൻ സ്വീകരിച്ച തിയ്യതി മുതൽ ഒരു വർഷത്തേക്ക് പ്രാബല്യത്തിൽ ആയിരിക്കും.
- ക്വൊട്ടേഷൻ സ്വീകരിക്കുവാനും റദ്ദാക്കുവാനും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
- കവറിനു പുറത്ത് "എഞ്ചിനീയറിംഗ് ഡിവിഷനിലേക്കു വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വൊട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

ഒപ്പ്
നേഹാൽ പ്രമോദ്
എക്സികുട്ടീവ് എഞ്ചിനീയർ(i/c)

പകർപ്പ് : 1) കെ എ യു വെബ് സൈറ്റ്
2) നോട്ടീസ് ബോർഡ്
3)നോട്ടീസ് ബോർഡ് (കെ.സി.എ.ഇ.എഫ്.ടി, തവനൂർ)
4) നോട്ടീസ് ബോർഡ് (കെ.വി.കെ. തവനൂർ)
5) നോട്ടീസ് ബോർഡ്(ഐഎഫ്. തവനൂർ)